**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**<u>കേരള സിവിൽ പോലീസ് കേഡർ</u>**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1735. 10/03/2020-ൽ മറുപടിക്ക്**

| **ചോദ്യം**<br>**ശ്രീ.ജോൺ ഫെർണാണ്ടസ്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
|---|---|---|---|
| (എ) | കേരള സിവിൽ പോലീസ് കേഡറിൽ ക്ലോസ്ഡ് എ.ആറിൽ നിന്നുള്ള ആർ.ഐ.,എ.സി., ഡി.സി. തസ്തികകളിലെ ഒഴിവുകളും പ്രൊമോഷൻ തസ്തികയിലെ ഒഴിവുകളും നികത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസങ്ങളോ കോടതി വ്യവഹാരമോ ഉണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | 10/02/2010 തീയതിയിലെ സർക്കാർ ഉത്തരവ് നം. (പി) നം.268/2010/ ആഭ്യന്തരം പ്രകാരം കേരള ആംഡ് റിസർവ്വും, ലോക്കൽ പോലീസും സംയോജിപ്പിച്ചിട്ടുണ്ട്. ടി സർക്കാർ ഉത്തരവിൽ കേരള ആംഡ് റിസർവ്വിൽ തുടരുന്ന ഉദ്യോഗസ്ഥരുടെ പ്രമോഷൻ EDP അനുസരിച്ച് അനുവദിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 12/7/2018 തീയതിയിലെ ഡി.ജി.ഒ. നം.1064/2018, ഡി.ജി.ഒ. നം.1074/2018 ഉത്തരവുകൾ പ്രകാരം പുറത്തിറക്കിയ EDP ലിസ്റ്റ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 12/7/2018 തീയതിയിലെ O.A.No. 2125/2018, O.A.No.2326/2018 കേസ്സുകളിലെ ഉത്തരവ് പ്രകാരം പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി.<br>ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 12/7/2018 തീയതിയിലെ O.A.No.2125/2018, O.A.No.2326/ 2018 കേസ്സുകളിലെ വിധിക്കെതിരായി സർക്കാരും, ഡിപ്പാർട്ട്മെന്റും ബഹു. ഹൈക്കോടതി മുമ്പാകെ OP (KAT) 359/19, 405/19 നമ്പർ കേസുകൾ ഫയൽ ചെയ്യുകയും, ബഹു. ഹൈക്കോടതി 5/9/2019 തീയതിയിലെ OP (KAT) 359/19 നമ്പർ ഉത്തരവ് പ്രകാരം status quo നില നിർത്താൻ ഉത്തരവ് |

| | | | |
|---|---|---|---|
| | | | ആകുകയും, ടി സ്റ്റേ ഉത്തരവ് പലപ്പോഴായി നീട്ടുകയും, അവസാനമായി 17/1/2020 തീയതിയിലെ OP (KAT) 405/19 നമ്പർ ഉത്തരവ് പ്രകാരം വീണ്ടും മൂന്നുമാസത്തേക്ക് കൂടി നീട്ടുകയും ചെയ്തിട്ടുണ്ട്. ടി കേസുകളിലെ അന്തിമ വിധി വന്നിട്ടില്ല. |
| (ബി) | ആർ.ഐ., എ.സി.,ഡി.സി. തസ്തികകൾ കേരള സിവിൽ പോലീസ് കേഡറിൽ ലയിപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ എന്നറിയിക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ